(ബി) ഇങ്ങനെ വാടകയ്ക്ക് എടുക്കുന്ന ബോട്ടുകളിൽ എന്തെല്ലാം ജീവൻരക്ഷാ സംവിധാനങ്ങളാണ് സജ്ജീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത ബോട്ടുകൾ ശ്രുക്ഷമായ കടലിൽ രക്ഷാ പ്രവർത്തനങ്ങൾക്ക് പര്യാപ്തമാണോ ;

(ഡി) പര്യാപ്തമാണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ഇ) പ്രസ്തുത ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാർ ഉണ്ടാകാറുണ്ടോ ?

ഉത്തരം

(എ) വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്താണ് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തിവരുന്നത്.

(ബി) ജീവൻരക്ഷാ ബോട്ടുകളിൽ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ്, ഹീലിയോ ഗ്രാഫ്, റേഡിയോ ബീക്കൺ, ഫസ്റ്റ് എയ്ഡ് ബോക്സ്, കോമ്പസ്, റിഫ്ലക്ടർ മുതലായ സജ്ജീകരണങ്ങളും ജീവൻരക്ഷാ പ്രവർത്തനങ്ങളിൽ പരിശീലനം ലഭിച്ച 2 ലൈഫ് ഗാർഡുമാരുടെ സേവനവും ഉണ്ടായിരിക്കും.

(സി) അതെ.

(ഡി) 51 അടിയോ അതിൽ കൂടുതലോ നീളമുള്ളതും സ്റ്റീൽ ബോഡി നിർമ്മിതവും 8 വർഷത്തിലധികം പഴക്കം ഇല്ലാത്തതും ഏത് പ്രതികൂല കാലാവസ്ഥയിലും കടൽരക്ഷാ പ്രവർത്തനത്തിന് പര്യാപ്തവുമായ ബോട്ടുകളാണ് പട്രോളിംഗിന് ഉപയോഗിക്കുന്നത്. ഇത്തരം ബോട്ടുകൾ പട്രോളിംഗിന് ഉപയോഗിക്കുന്നതിനുമുമ്പ് ഫിഷറീസ് സ്റ്റേഷനുകളിലെ ടെക്നിക്കൽ ഉദ്യോഗസ്ഥർ പ്രസ്തുത ബോട്ടുകൾ പരിശോധിച്ച് seaworthiness ഉറപ്പാക്കാറുണ്ട്.

(ഇ) ഓരോ ബോട്ടിലും കടൽ രക്ഷാ പ്രവർത്തനത്തിനായി പരിശീലനം സിദ്ധിച്ച 2 കടൽ സുരക്ഷാ സേനാംഗങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് ജീവനക്കാരും ഫിഷറീസ് വകുപ്പ് ഉദ്യോഗസ്ഥന്മാരും ഉണ്ടാകാറുണ്ട്.

ജീവനരക്ഷാ പ്രവർത്തനങ്ങൾക്ക് യോഗ്യമായ രക്ഷാബോട്ടുകൾ

144 (2963) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആഴക്കടലിൽ മത്സ്യബന്ധനം നടത്തുന്ന മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ ജീവൻരക്ഷാ പ്രവർത്തനങ്ങൾക്കായി യോഗ്യമായ രക്ഷാ ബോട്ടുകൾ ഫിഷറീസ് വകുപ്പിൽ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ഉണ്ടെന്നും ഇവ ഏതെല്ലാം ജില്ലകളിലെ ഉറമുഖങ്ങളിലാണുള്ളതെന്നും വിശദമാക്കുമോ ;

(സി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ള രക്ഷാബോട്ടുകളിൽ അപകടത്തിൽപ്പെട്ടവരെ രക്ഷിക്കുന്നതിനുള്ള എന്തെല്ലാം സജ്ജീകരണങ്ങളാണ് ഉള്ളതെന്ന് വിശദമാക്കുമോ ;

(ഡി) ഈ രക്ഷാ ബോട്ടുകളിൽ പരിശീലനം ലഭിച്ച ജീവനക്കാരുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ഓരോ ബോട്ടിലും എത്രപേർ വീതമുണ്ടെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) മത്സ്യത്തൊഴിലാളികൾ അപകടത്തിൽപ്പെട്ടാൽ രക്ഷിക്കുന്നതിനായി പ്രവർത്തനക്ഷമമായ ഒരു ബോട്ട് ഉണ്ട്.

(ബി) പ്രവർത്തനക്ഷമമായ ഈ ബോട്ട് കൊല്ലം ജില്ലയിലെ നീണ്ടകര കേന്ദ്രീകരിച്ചാണ് പ്രവർത്തിക്കുന്നത്. അപകടത്തിൽപ്പെടുന്ന മത്സ്യത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി വിഴിഞ്ഞം, നീണ്ടകര, വൈപ്പിൻ, ബേപ്പൂർ, കണ്ണൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് ബോട്ട് വാടകയ്ക്ക് എടുത്ത് കടൽ പട്രോളിംഗും കടൽ രക്ഷാപ്രവർത്തനവും നടത്തിവരുന്നുണ്ട്.

(സി) രക്ഷാ ബോട്ടിൽ ലൈഫ്ബോയ്, ലൈഫ് ജാക്കറ്റ്, ഫസ്റ്റ് എയ്ഡ് കിറ്റ്, ഹീലിയോ ഗ്രാഫ്, പ്ലാസ്റ്റിക് റോപ്പ്, റേഡിയോ ബീക്കൺ മുതലായവ ഉണ്ടായിരിക്കും.

(ഡി) ഉണ്ട്.

(ഇ) ഓരോ ബോട്ടിലും 2 കടൽ സുരക്ഷാ സേനാംഗങ്ങളും മറൈൻ എൻഫോഴ്സ്മെന്റ് ഉദ്യോഗസ്ഥരും ഫിഷറീസ് വകുപ്പിലെ ജീവനക്കാരും ഉണ്ട്.

മത്സ്യഫെഡിലെ തസ്തികകൾ

145 (2964) ശ്രീ. എ. പ്രദീപ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഉറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യഫെഡിൽ അംഗീകൃത തസ്തികയിൽ 10 വർഷം പൂർത്തിയാക്കിയ എത്രപേർ നിലവിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly